"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

2024-25 സാമ്പത്തിക വർഷാവസാനം ലൈഫ് മിഷന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്ത 134,89,70,000 രൂപ 2025-26 സാമ്പത്തിക വർഷത്തേക്ക് ലൈഫ് മിഷന്റെ പി.എസ്.ടിഎസ്.ബി അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1183/2025/LSGD തീയതി,തിരുവനന്തപുരം, 14-05-2025

---

പരാമർശം:- 1. 15.04.2025 ലെ സ.ഉ.(സാധാ) നം.965/2025/തസ്വഭവ

2. 22.04.2025 ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ എം1/2332/ഫിൻ/2024(i) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷാവസാനം ലൈഫ് മിഷന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്ത തുകയിൽ നിന്ന് 2025-26 സാമ്പത്തിക വർഷത്തിൽ 4515-00-102-49 (പ്ലാൻ) ശീഷകത്തിൽ നിന്ന് 2 കോടി രൂപ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പരാമർശം 1 പ്രകാരം ലൈഫ് മിഷന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് വിടുതൽ ചെയ്തത് നൽകിയിരുന്നു.

2024-25 സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ചെടുത്ത തുകയിൽ ബാക്കി അനുവദിക്കാനുള്ള തുക 2025-26 സാമ്പത്തിക വർഷത്തേക്ക് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും താഴെ പറയും പ്രകാരം ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള പി.എസ്.ടിഎസ്.ബി അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ - 799012700001688 ) നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സിഇഒ ലൈഫ് മിഷൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

| ശീർഷകം | ഇനം | തുക |
|---|---|---|
| 4217-60-051-95 | ഭവനസമുച്ചയങ്ങൾ, വ്യക്തിഗത ഭവനങ്ങളുടെ സംസ്ഥാന വിഹിതം | 24,30,67,284 |
| 4515-00-102-49 | ഭവനസമുച്ചയങ്ങളും ഭരണച്ചെലവുകളും | 110,59,03,976 |
| | ആകെ | 134,89,71,254 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷാവസാനം ലൈഫ് മിഷന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്ത തുകയിൽ നിന്ന് 2025-26 സാമ്പത്തിക വർഷത്തേക്ക് 4217-60-051-95 ശീർഷകത്തിൽ നിന്നും 24,30,67,000 രൂപയും, 4515-00-102-49 ശീർഷകത്തിൽ നിന്നും 110,59,03,000 രൂപയും ചേർത്ത് ആകെ 134,89,70,000 രൂപ ( നൂറ്റിമുപ്പത്തിനാല് കോടി എൺപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം ) ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള പി.എസ്.ടിഎസ്.ബി അക്കൗണ്ടിലേയ്ക്ക് ( അക്കൗണ്ട് നമ്പർ - 799012700001688 ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഫിനാൻസ് വകുപ്പ്(30.04.2025 ലെ WCD-3/111/2025-FIN സൂചന. )

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 14-05-2025 12:37:24
സെക്ഷൻ ഓഫീസർ